## ഹജ്ജ് തീർത്ഥാടനത്തിന് വിമാന സൗകര്യം

64 [2191] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ഹജ്ജ് തീർത്ഥാടനത്തിന് സംസ്ഥാനത്തെ ഏതെല്ലാം എയർപോർട്ടുകളിൽ നിന്നുമാണ് നേരിട്ട് വിമാന സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) വർഷംതോറും കൂടിവരുന്ന ഹജ്ജ് തീർത്ഥാടകരുടെ സൗകര്യാർത്ഥം കോഴിക്കോട് എയർപോർട്ടിൽനിന്നും കൂടുതൽ വിമാന സർവ്വീസുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദമാക്കാമോ?

### ഉത്തരം

(എ) ഈ വർഷത്തെ ഹജ്ജ് തീർത്ഥാടനത്തിന് മുൻവർഷത്തേതുപോലെ കോഴിക്കോട് എയർപോർട്ടിൽനിന്നും മാത്രമാണ് നേരിട്ട് വിമാന സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത്.

(ബി ആന്റ് സി) കൂടി വരുന്ന ഹജ്ജ് തീർത്ഥാടകരുടെ സൗകര്യാർത്ഥം കോഴിക്കോട് എയർപോർട്ടിൽ നിന്നും ദിവസേന രണ്ട് വിമാന സർവ്വീസുകൾ നടത്തുന്നതിന് കേന്ദ്ര ഗവൺമെന്റിലും കേന്ദ്ര ഹജ്ജ് കമ്മിറ്റിയിലും സമ്മർദ്ദം ചെലുത്തിവരുന്നുണ്ട്.

## 2002-ലെ ചുമട്ടുതൊഴിലാളി നിയമം

65 [2192] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002-ലെ ചുമട്ടുതൊഴിലാളി നിയമം സംസ്ഥാനത്ത് പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം എന്ന് വ്യക്തമാക്കാമോ;

(ബി) നിയമം നടപ്പാക്കിയതിന്റെ ഭാഗമായി സംസ്ഥാനത്ത് തൊഴിൽ തർക്കങ്ങളോ വ്യാപാര സ്തംഭനമോ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം;

(സി) അസിസ്റ്റന്റ് ലേബർ ഓഫീസർമാർ അനധികൃതമായി ലേബർ കാർഡ് നൽകിയതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2002-ലെ കേരള കയറ്റിറക്ക് (കൂലി ക്രമപ്പെടുത്തലും നിയമവിരുദ്ധ പ്രവർത്തനങ്ങൾ നിയന്ത്രിക്കലും) നിയമം 2002 നവംബർ മാസം 5-ാം തീയതി മുതൽ സംസ്ഥാനത്തൊട്ടാകെ നിലവിൽ വന്നു.

(ബി) 2002-ലെ കേരള കയറ്റിറക്ക് നിയമം നടപ്പിലാക്കിയതിന്റെ ഫലമായി തൊഴിൽ തർക്കങ്ങളോ വ്യാപാര സ്തംഭനമോ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ടി നിയമത്തിലെ 5-ാം വകുപ്പ് പ്രകാരം കാർഷിക വിപണനവുമായി ബന്ധപ്പെട്ട ആറ് കേന്ദ്രങ്ങളിൽ തൊഴിലുടമയ്ക്ക് ഗാർഹികേതര ആവശ്യങ്ങൾക്കായി സ്വന്തമായോ അല്ലെങ്കിൽ അയാളുടെ ഇഷ്ടമനുസരിച്ചോ തൊഴിലാളികളെക്കൊണ്ട് കയറ്റിറക്ക് ജോലി ചെയ്യിക്കുന്നതിനുള്ള സ്വാതന്ത്ര്യം നൽകിക്കൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനെതിരെ തൊഴിലാളി യൂണിയനുകൾ തർക്കങ്ങളും പരാതികളും ഉന്നയിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള പരാതികൾ വെൺപാലവട്ടം (ആനയറ, തിരുവനന്തപുരം) തൃശ്ശൂരിലെ ഒല്ലൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, എറണാകുളത്തെ മരട് വേൾഡ് മാർക്കറ്റ് തുടങ്ങിയ പ്രദേശങ്ങളിൽ നിലനിൽക്കുന്നുണ്ട്.

(സി) ഉണ്ട്. തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ, നെടുമങ്ങാട്, നെയ്യാറ്റിൻകര തുടങ്ങിയ പ്രദേശങ്ങളിൽ നിന്ന് 12 പരാതികൾ ലഭിച്ചിട്ടുണ്ട്. ഇവയുടെ നിജസ്ഥിതിയറിയാൻ ജില്ലാ ലേബർ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അസിസ്റ്റന്റ് ലേബർ ആഫീസർ കാർഡ് നൽകിയ നടപടിക്കെതിരെ ജില്ലാ ലേബർ ആഫീസർക്ക് അപ്പീൽ നൽകാവുന്നതാണെന്ന് ലേബർ കമ്മീഷണർ യൂണിയൻ പ്രതിനിധികളെ അറിയിച്ചിട്ടുണ്ട്.

തൊഴിൽ തർക്കങ്ങൾ

66 [2193] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2002-2003, 2003-2004 എന്നീ വർഷങ്ങളിൽ ഉണ്ടായിട്ടുള്ള തൊഴിൽ തർക്കങ്ങളിൽ പരിഹരിക്കപ്പെടാത്ത കേസ്സുകളിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

2002-2003, 2003-2004 എന്നീ വർഷങ്ങളിൽ ഉണ്ടായിട്ടുള്ള തൊഴിൽ തർക്കങ്ങളിൽ പരിഹരിക്കപ്പെടാത്ത കേസ്സുകൾ സർക്കാർതലത്തിൽ പരിശോധിക്കുകയും അഡ്ജൂഡിക്കേഷനു വിടാൻ യോഗ്യമായവ 1947-ലെ തൊഴിൽ തർക്ക നിയമത്തിലെ സെക്ഷൻ 10 (1) (സി) (ഡി) വകുപ്പുപ്രകാരം ലേബർ കോടതികളിലേക്ക്/ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിലേക്ക് അഡ്ജൂഡിക്കേഷനു വിട്ടുകൊണ്ട് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly